

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**06 SEPTEMBER 2019**
**06 MUHARRAM 1441 AH**

# MUHARRAM
# മുഹർറം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം മുഹർറം എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചനാൾ(മുതൽ) അല്ലാഹുവിന്റെ നിയമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം ആദരണീയങ്ങളാണ്. അതാണ് നിലനില്ക്കുന്ന നിയമവ്യവസ്ഥ. അതിനാൽ ആ (മാസങ്ങളിൽ) നിങ്ങൾ നിങ്ങളുടെ ആത്മാക്കളോട് അക്രമം പ്രവർത്തിക്കരുത്. (9:36)

അല്ലാഹു(ത)യുടെ പരിശുദ്ധമായ മാസങ്ങളിൽ ഒരു മാസമാണ് മുഹർറം. പ്രസ്തുത നാലു മാസങ്ങൾ റജബ്, ദുൽഖഅ്ദാ, ദുൽഹിജ്ജ, മുഹർറം എന്നിവയാകുന്നു. ഈ മാസങ്ങളിൽ അനുസരണത്തിന് വളരെ വലിയ പ്രതിഫലങ്ങളും അനുസരണക്കേടിന് ശിക്ഷ പലമടങ്ങ് വർദ്ധിപ്പിക്കുന്നതുമാകുന്നു.

വർഷത്തിലെ ഈ ഒരേ ഒരു മാസമാണ് ഹസ്രത് മുഹമ്മദ് മുസത്ഫ (സ) അല്ലാഹു(ത)യുടെ പേരുമായി ചേർത്തു പറഞ്ഞിട്ടുള്ളത്. അദ്ദേഹം ഈ മാസത്തെ വിളിച്ചത് അല്ലാഹുവിന്റെ പരിശുദ്ധമാസം എന്നാകുന്നു. (ഷഹ്റുല്ലാഹുൽ മുഹർറം) പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസത്ഫ (സ)യുടെ ഹിജ്റ മക്കയിൽ നിന്നും മദീനയിലേക്ക്, ഈ മാസത്തിലല്ല അരങ്ങേറിയത്. അങ്ങനെ വിശ്വസിക്കുവാനുള്ള പ്രവണത ചിലർക്കുണ്ടെങ്കിലും! എന്നാൽ പ്രസ്തുത പലായനം ഉണ്ടായത് റബീഉൽ അവ്വൽ മാസത്തിലായിരുന്നു. മുഹർറം പത്തിനു അലി(റ)വിന്റെ മകൻ ഹുസൈൻ(റ)ന്റെ മരണവുമായി ബന്ധപ്പെട്ട് ദുഃഖാചരണം നടത്തുന്ന ഒരു പതിവുണ്ട്. എന്നാൽ അത് സുന്നത്തായ ഒരു കാര്യമല്ല. പരിശുദ്ധ പ്രവാ

ചൻ മുഹമ്മദ് മുസ്തഫ(സ)ന്റെ അനുചരന്മാരോട്, അഥവാ തന്റെ സമുദായത്തോട്, പ്രവാചകന്മാർക്കുണ്ടാകുന്ന ദൗർഭാഗ്യങ്ങളിലോ, അവരുടെ മരണങ്ങളിലോ ദുഃഖാചരണം നടത്തുവാൻ കല്പിച്ചിട്ടില്ല. അപ്പോൾ പിന്നെ, പ്രവാചകന്മാർ പോലും ആയിരുന്നിട്ടില്ലാത്ത, ആളുകളുടെ കാര്യത്തെപറ്റി എന്താണ് പറയുവാനുള്ളത്?

ആയതിനാൽ മുഹർറം പത്തിന്, ദുഃഖാചരണത്തിന്റെ പേരിൽ ഒരുമിച്ചു കൂടുന്നത് അനുവദനീയമല്ല. ഖുലഫാ ഉൽറാഷീദിങ്ങളിൽ നാലാമനായ ഹസ്രത് അലി(റ)വിന്റെ മകനും ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ചെറുമകനുമായ ഹുസൈൻ(റ)ന്റെ ദാരുണഅന്ത്യം നമ്മെ വേദനിപ്പിക്കുന്നതു തന്നെയാണ് എന്നത് സത്യമായ കാര്യമാണ്! എന്നാൽ അതിന്റെ പേരിൽ ദുഃഖാചരണ ചടങ്ങുകൾ സംഘടിപ്പിക്കുന്നത് ശരിയായ കാര്യമല്ല. എന്നാൽ ഇന്ന് നമുക്ക്, യുവതലമുറയ്ക്ക് ഈ സംഭവം വിശദീകരിച്ചു കൊടുക്കുവാൻ കഴിയും. അവർ ഈ കാര്യത്തിൽ വേണ്ട വിധത്തിൽ ബോധവാന്മാരല്ല. ഹസ്രത് ഇമാം ഹുസൈൻ ഇബ്ന് അലി (റ)ന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും, അനുചരന്മാരുടെയും രക്തസാക്ഷിത്വത്തെകുറിച്ചും, ത്യാഗത്തെകുറിച്ചും, ദുരന്തത്തെകുറിച്ചും അവർ നല്ല നിലയിൽ മനസ്സിലാക്കേണ്ടതു തന്നെയാണ്. വിധി നാൾ വരേക്കും ഈ സംഭവം എല്ലാ മുസ്ലിംകൾക്കും ഒരു പാഠം തന്നെ ആയിരിക്കണം. യുവതലമുറയ്ക്ക് ഈ സംഭവം വിശദീകരിച്ചു കൊടുക്കുന്നത് എന്തുകൊണ്ടും അഭികാമ്യമായ കാര്യം തന്നെ ആയിരിക്കും. മുസ്ലിംകൾ എന്ന നിലയിൽ ഈ ചരിത്രസംഭവം നമ്മെ ധൈര്യവാന്മാരാക്കും, ദൈവഭക്തി ഉള്ളവരാക്കും, സത്യസന്ധന്മാരാക്കും, നിഷ്ക്കളങ്കരാക്കും, ശൂരന്മാരാക്കും, ഇമാം ഹൂസൈൻ ഇബ്ന് അലി(റ) നെ പോലെ! ഇൻശാഅല്ലാഹ്!

ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇതാണ്, അത് ഞാൻ മുൻപ് പറഞ്ഞതാണ്, അതായത് പ്രവാചകന്മാർക്കുണ്ടാകുന്ന ദൗർഭാഗ്യങ്ങളോ, മരണമോ നിങ്ങൾ ദുഃഖാചരണ ആഘോഷങ്ങളാക്കി മാറ്റുവാൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)ന്റെ അനുചരന്മാരോടോ അഥവാ സമുദായത്തോടോ കല്പിച്ചിട്ടില്ല. മരണപ്പെട്ട മുൻ പ്രവാചകന്മാർക്ക് വേണ്ടി അത്തരം ദുഃഖാചരണ ചടങ്ങു സംഘടിപ്പിക്കുവാൻ നമ്മുടെ പ്രീയ പ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫ (സ) നമ്മെ പഠിപ്പിച്ചിട്ടില്ല. പിന്നെങ്ങനെയാണ് ഇന്നത്തെ മുസ്ലിംകൾ ഇത് ചെയ്യുന്നത്? അവർ ഈ അധ്യാപനത്തെ ചവിട്ടിമെതിക്കുകയാണ്. എന്നിട്ട് ബിദ്അത്തുകൾ (ദീനിൽ കൂട്ടിച്ചേർത്ത നൂതന കാര്യങ്ങൾ) ഈ പരിശുദ്ധ ദീനിൽ, ഇസ്ലാമിൽ അവർ ചേർത്തുവെച്ചു! ഇക്കാലത്ത് നാം എന്താണ് കാണുന്നത്? നമ്മുടെ ഒരു അടുത്ത

ആൾമരിച്ചാൽ, ഒരു വിഭാഗം മുസ്ലിംകൾ ഖത്തം വഴങ്ങുന്നു. ഖത്തം ആചരിക്കുന്നു. അതോടൊപ്പം അവർ ബിരിയാണി വെയ്ക്കുന്നു. എന്നിട്ടവർ മുല്ലാക്കളെ ക്ഷണിക്കുന്നു. മറ്റുള്ള വരേയും ക്ഷണിക്കുന്നു. നാല്പതു ദിവസം വായനയും തീറ്റി യുമായി കഴിയുന്നു.

ഇതെല്ലാം ബിദ്അത്തുകളാണ്. (ദീനിൽ ഇല്ലാത്ത കാര്യ ങ്ങളാണ്) ഇത് ഇസ്ലാമിൽ ഉള്ള കാര്യങ്ങളല്ല. പീർമാർക്ക് വേണ്ടിയുള്ള ഉറൂസുകളും, ദുഃഖാചരണചടങ്ങുകളും, അവ രുടെ സ്മരണയ്ക്കായി ദർഗ്ഗാ നിർമ്മാണങ്ങളും ഇവയൊന്നും ഇസ്ലാമിലുള്ള അധ്യാപനങ്ങളോ ചര്യകളോ അല്ല. ഇന്ന് ഇത് സമൂഹത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയിരിക്കുന്നു എന്നത് നമ്മെ വളരെയധികം ദുഃഖിപ്പിക്കുന്നു. ഇതെല്ലാം ശിർക്കായ കാര്യങ്ങളാണ്. അല്ലാഹുവിന് പങ്കു ചേർക്കലാണ്. അവയുടെ പര്യായങ്ങളാണ് ഈ ആചാരനുഷ്ഠാനങ്ങൾ!

ചില മുസ്ലിംകൾ വ്യത്യസ്തമായ രൂപത്തിൽ വിഗ്രഹാരാ ധന നടത്തുന്നുണ്ട്. അവരുടെ പ്രാർത്ഥനകളിൽ മരണപ്പെട്ടു പോയ ആളുകളെയും ഉൾപ്പെടുത്തുന്നു. അവർ, അവർക്ക് വേണ്ടി, അല്ലാഹുവിനോട് ശുപാർശ ചെയ്യുമെന്ന വിശ്വാസ ത്തിൽ! മറ്റു മതങ്ങളിലെ ആളുകൾ, വിശിഷ്യ ഹിന്ദുസഹോദര ങ്ങൾ അവർ ആചരിക്കുന്നുണ്ട്, അവർ ഇവരെ, അംഗീകരി ക്കുന്നു. അവരും ഈ ദർഗ്ഗകളിൽ പോകുന്നു. കാരണം ഇത് മുൻകാലങ്ങളിൽ അവർ പിന്തുടർന്ന അവരുടെ തന്നെ ആചാ രങ്ങളാകുന്നു. സംസ്ക്കാരമാകുന്നു. (ഇസ്ലാം ആശ്ലേഷിച്ച ശേഷം) പരിശുദ്ധമായ ഇസ്ലാമിൽ അവർ (രൂപകല്പന ചെയ്ത ആചാ രമാകുന്നു. ഇസ്ലാമിന്റെ തത്വസംഹിതകൾ യഥാർത്ഥമായ നില യിൽ പിൻതുടരുന്നതിന് പകരം, അവർ അവരുടേതായ വിശ്വാ സങ്ങൾ അതിൽകൂട്ടിക്കലർത്തി, ഇസ്ലാമിന് മറ്റൊരു മുഖം നല്കിയിരിക്കുന്നു. ഇവയെല്ലാം തന്നെ ഇസ്ലാമിൽ ആക്ഷേ പാർഹമായ കാര്യങ്ങൾ തന്നെയാണ്. അല്ലാഹു(ത) അവന്റെ ഗ്രന്ഥത്തിലൂടെയും (വിശുദ്ധഖുർആൻ) അവന്റെ ദൂതൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെയും ഇത്തരം ആചാരങ്ങ ളെയെല്ലാം അപലിച്ചിട്ടുള്ളതാകുന്നു.

അപരിഷ്കൃത അറബികൾ വിഗ്രഹങ്ങളെ ആരാധിച്ചിരു ന്നു. അതേതുടർന്ന് അവർക്ക് ഏകദൈവത്തിലും വിശ്വാസ മുണ്ടായി വന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യും അനുച രന്മാരും അല്ലാഹുവിന്റെ സഹായത്താൽ അവർക്ക് ശരിയായ വഴി കാണിച്ചു കൊടുത്തു. എന്നാൽ പരിശുദ്ധ പ്രവാചൻ മുഹമ്മദ് മുസ്തഫ(സ)യുടെ വഫാത്തിന് ശേഷം എന്താണ് സംഭവിച്ചത്? മുസ്ലിംകൾ വിവിധ കക്ഷികളായി പിരിഞ്ഞു. യസീ

ദിനെ പോലുള്ള ബീഭത്സമായ വ്യക്തികൾ ഇസ്ലാമിന്റെ ആരോഗ്യപൂർണ്ണമായ ശരീരത്തെ തുണ്ടു തുണ്ടുകളാക്കികളഞ്ഞു. ഹസ്രത് ഇമാം അൽഹുസൈൻ ഇബ്നു അലി(റ) പ്രതിനിധാനം ചെയ്തത് ആ അനുഗൃഹീതമായ ശരീരത്തെ ആയിരുന്നു. ഈ ചരിത്രവസ്തുതകളൊക്കെ ചിന്തിക്കേണ്ട കാര്യങ്ങൾ തന്നെയാകുന്നു. ഈ ലോകത്തു നിന്നും വിടവാങ്ങുന്നതിന് മുൻപ് മുസ്ലിംകൾ ഈ കാര്യങ്ങളെപറ്റിയൊക്കെ ചിന്തിക്കേണ്ടതാണ്! അവർ ചെയ്യുന്നതൊക്കെ നല്ലതാണ് എന്ന് വിശ്വസിച്ചുകൊണ്ട് ഇത്തരം ഷിർക്ക്കളൊക്കെ ചെയ്യുമ്പോൾ, അല്ലാഹുവിന്റെ മുൻപിൽ ഈ കാര്യങ്ങളൊക്കെ അവർ സ്വയം ചെയ്തു കാണിക്കുവാൻ, അവർക്ക് എത്ര ധൈര്യമാണുള്ളത്?

## THE FAST OF ASHURA : ആഷൂറാഅ് വ്രതം

അബ്ദുർഹ്മാനിബ്നു അഷ്ക്കർ(റ) വിവരിച്ച ഒരു ഹദീസിൻ പ്രകാരം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു റമദാൻ വ്രതത്തിന് ശേഷം അനുഷ്ഠിക്കാവുന്ന ഏറ്റവും നല്ല വ്രതം അല്ലാഹുവിന്റെ മാസമായ പരിശുദ്ധ മുഹർറം മാസത്തിലേതാണ്. (മുസ്ലിം)

ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്ന കാര്യം, മുഹർറം മാസത്തിൽ വ്രതമനുഷ്ഠിക്കുവാൻ ശക്തമായ നിലയിൽ ശുപാർശ ചെയ്തിരിക്കുന്നു എന്നതാണ്. നിങ്ങൾക്കറിയാവുന്നതുപോലെ വ്രതാനുഷ്ഠാനം അല്ലാഹു(ത)യ്ക്ക് വേണ്ടിയുള്ളതാകുന്നു. മറ്റൊരാൾക്കും വേണ്ടിയുള്ളതല്ല അത്! പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുവാനുള്ള ദൈവീക കല്പന വരുന്നതിനു മുൻപ് മുഹർറം മാസം പത്താം ദിനത്തിലെ ആഷൂറാഅ് ദിനത്തിൽ വ്രതമനുഷ്ഠിച്ചിരുന്നു. അത് അല്ലാഹു(ത)യ്ക്ക് നന്ദി രേഖപ്പെടുത്തുന്നതിനു വേണ്ടി ആയിരുന്നു. ഫറോവയുടെ മേൽ അല്ലാഹു(ത) മൂസാ (അ)ന് വിജയം നല്കിയതിന് ! മനുഷ്യസമുദായത്തിലെ ഏറ്റവും വലിയ ഏകാധിപതി ആയിരുന്നു അയാൾ! ഈ ഫറോവയെ അല്ലാഹു(ത)എന്നെന്നും ശപിക്കട്ടെ!ആമീൻ.

ജൂതന്മാർക്കുള്ളതിനെക്കാളും ഹസ്രത് മൂസാ(അ)നോട്, മുസ്ലിംകൾക്ക്, കൂടുതൽ അവകാശമുണ്ട്. കാരണം മുസ്ലിംകൾ -ഇസ്ലാമിന്റെ എല്ലാ തത്വങ്ങളെയും സമ്പൂർണ്ണമായും ആദരിക്കുന്നവർ-അവരാണ് മൂസാ(അ)ന്റെ യഥാർത്ഥ അനന്തരാവകാശികൾ!

അബ്ദുല്ലാഹ് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്തി

രിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ(സ) മദീനയിൽ എത്തിച്ചേർന്നപ്പോൾ, അതാ ആഷൂറാഅ് ദിനത്തിൽ ജൂതർ വ്രതമനുഷ്ഠിച്ചിരിക്കുന്നതായി കാണുന്നു. അദ്ദേഹം അവരോട് അന്വേഷിക്കുകയുണ്ടായി? ഈ വ്രതം എന്തിന്റേതാകുന്നു? അവർ മറുപടിയായി പറയുകയുണ്ടായി ഇതൊരു നല്ല ദിനമാകുന്നു. ഈ ദിനത്തിലാണ് അല്ലാഹു(ത) ബനീഇസ്റായീൽ സന്തതികളെ അവരുടെ ശത്രുക്കളിൽ നിന്നും രക്ഷപ്പെടുത്തിയത്. മൂസാ (അ)അതുകൊണ്ട്, ആ ദിനത്തിൽ വ്രതമനുഷ്ഠിക്കുകയുണ്ടായി. അല്ലാഹു(ത)യുടെ തിരുദൂതൻ(സ) ഇതുകൂടി പറയുകയുണ്ടായി. മൂസാ(അ)യുടെ മേൽ നിങ്ങളെക്കാൾ അവകാശം എനിക്കാണുള്ളത്. അങ്ങനെ അദ്ദേഹം പ്രസ്തുത ദിനത്തിൽ വ്രതമനുഷ്ഠിച്ചു. ഞങ്ങളോട് ആ ദിനത്തിൽ വ്രതമനുഷ്ഠിക്കുവാൻ കല്പിക്കുകയും ചെയ്തു(ബുഖാരി)

ചുരുക്കത്തിൽ, ഹസ്രത് മൂസാ (അ)തന്റെ അനുചരന്മാരോടൊപ്പം ഈജിപ്തിൽ നിന്നും പോയപ്പോൾ, ഫറോവ, അദ്ദേഹത്തിന്റെ ആളുകളോടൊപ്പം, അദ്ദേഹത്തെ പിന്തുടർന്നു, ഫറോവയോടൊപ്പം അദ്ദേഹത്തിന്റെ പ്രധാനികളെല്ലാം ഉണ്ടായിരുന്നു. പ്രസ്തുത ഇരുസംഘങ്ങളും പരസ്പരം കാണത്തക്കനിലയിലായി. ഫറോവയും അയാളുടെ ആളുകളും, ഹസ്രത് മൂസാ(അ)യുടെ അനുചരന്മാരെ സമീപിച്ചു. പ്രസ്തുത ഏകാധിപതിയും സംഘവും മൂസാ(അ)യുടെ അനുചരന്മാരുടെ കൂടെ എത്തുമോ എന്നുള്ള ഭയവും, അവരെ പിടിക്കുമോ എന്നുള്ള ആധിയും അവരുടെ ഹൃദയമിടിപ്പ് വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഹസ്രത് മൂസാ (അ) അദ്ദേഹത്തിന്റെ ആളുകളെ സാന്ത്വനപ്പെടുത്തി, പ്രസ്തുത സംഭവം അല്ലാഹു(ത) താഴെപറയുന്ന വചനത്തിലൂടെ വിവരിക്കുന്നു.

അപ്പോൾ, സൂര്യോദയ സമയത്ത് അവർ (ഫിർഔനും ആൾക്കാരും) ഇവരെ (ഇസ്റായില്യരെ) പിന്തുടർന്നു. അങ്ങനെ ഇരു സംഘങ്ങളും, പരസ്പരം കണ്ടപ്പോൾ, നമ്മളിതാ പിടിക്കപ്പെടുന്നു എന്ന് മൂസായുടെ കൂട്ടുകാർ പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഒരിക്കലുമില്ല, എന്റെ നാഥൻ എന്റെ കൂടെതന്നെയുണ്ട്. തീർച്ചയായും അവൻ എനിക്ക് വിജയമാർഗം കാണിച്ചുതരുന്നതാണ്. അപ്പോൾ നാം മൂസായ്ക്ക് ദിവ്യസന്ദേശം നല്കി. നിന്റെ വടികൊണ്ട് സമുദ്രത്തെ അടിക്കുക. അപ്പോൾ അത് (സമുദ്രം) പിളർന്നു. അതിന്റെ ഓരോ ഭാഗവും വലിയ കുന്നുപോലെ (ദൃശ്യമായി) തീർന്നു. മറ്റവരെ നാം അവിടെ അടുപ്പിക്കുകയും ചെയ്തു. മൂസായേയും അദ്ദേഹത്തിന്റെ കൂടെയുള്ള എല്ലാവരേയും നാം രക്ഷപ്പെടുത്തി. എന്നിട്ട് മറ്റേ കൂട്ടരെ

(ഫിർഔനേയും അനുചരന്മാരേയും) നാം വെള്ളത്തിൽ മുക്കി ക്കൊന്നു. തീർച്ചയായും അതിൽ വലിയ ഒരു ദൃഷ്ടാന്തമുണ്ട്. അവരിൽ ബഹുഭൂരിഭാഗം ആളുകളും വിശ്വാസികളായിരുന്നി ല്ല. നിശ്ചയമായും നിന്റെ നാഥൻ പ്രതാപശാലിയും കരുണാമ യനുമാകുന്നു (26:61-69)

അവന്റെ മരണം ആസന്നമായി എന്ന് അവൻ മനസ്സിലാ ക്കിയപ്പോൾ, ഫറോവ തന്റെ വിശ്വാസം സാക്ഷ്യപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായി. യഥാർത്ഥ ദൈവത്തിലുള്ള വിശ്വാസത്തി ന്മുതിരുകയുണ്ടായി. ഏതൊരു ദൈവത്തെ അവൻ നിഷേ ധിച്ചുവോ, അതേ ദൈവത്തെ വിശ്വസിക്കുവാൻ തയ്യാറായി. ദൗർഭാഗ്യവശാൽ, അവനെ സംബന്ധിച്ചിടത്തോളം, വളരെ താമ സിച്ചുപോയി. ഒരുവന്റെ ആത്മാവ് തൊണ്ട്ക്കുഴി യിലെത്തുമ്പോൾ, പശ്ചാത്തപിക്കുവാനുള്ള സമയം പിന്നീട് ലഭ്യ മല്ല. സത്യത്തിലേക്ക് മടങ്ങുവാനുള്ള സമയവും ഇല്ല. ഇതുസം ബന്ധമായി അല്ലാഹു(ത) പറയുന്നു. നാം ഇസ്റായീൽ സന്ത തികളെ സമുദ്രം കടത്തിവിട്ടു. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങിമരിക്കുന്ന (വിപത്ത്) അവനെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു. ബനൂഇസ്റായീൽ വിശ്വ സിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവരിൽപെട്ട വനുമാകുന്നു. നാം പറഞ്ഞു. എന്ത്! ഇപ്പോഴോ? മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴപ്പക്കാരിൽപെട്ടവനുമായിരുന്നു. അതി നാൽ, നിന്റെ ജഡത്താൽ(മാത്രം നാം ഇന്ന് നിന്നെ രക്ഷപ്പെ ടുത്തുന്നു. നിന്റെ പുറകെയുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമാ യിരിക്കുവാൻ വേണ്ടി തീർച്ചയായും മനുഷ്യരിൽ അധികം പേരും നമ്മുടെ ദൃഷ്ടാന്തങ്ങളെകുറിച്ച് അശ്രദ്ധരാണ് )10:91 -93)

അങ്ങനെ സമുദ്രം അവനെ പുറന്തള്ളി. ചിന്തിക്കുന്നവർക്ക് അവൻ എന്നെന്നും നിലനില്ക്കുന്ന ഒരു ദൃഷ്ടാന്തമാണ്, ഒരു പാഠമാണ്. ഒരു യഥാർത്ഥ ഏകാധിപതിയുടെ പാപങ്ങളുടെ അനന്തരഫലം ഇതാകുന്നു. ഞാനെന്ന ഭാവത്തിന്റെ മുൻമാ തൃകയില്ലാത്ത മാതൃക. അനീതിയുടെയും ഏകാധി പത്യത്തിന്റെയും അന്തിമ വിധി! മരണാന്തര ജീവിതത്തിൽ ഇതിലും കഠിനതരമായ ശിക്ഷ ആയിരിക്കും, അത് തുടർന്നും നിലനില്ക്കുന്നതായിരിക്കും. അല്ലാഹു(ത)അവന്റെ അനുഗൃഹീത ഗ്രന്ഥത്തിൽ ഇതു സംബന്ധമായി തറപ്പിച്ചു പറയുന്നതു കാ ണുക. അങ്ങനെ അവർ ആസൂത്രണം ചെയ്തതിന്റെ ദോഷങ്ങ ളിൽ നിന്ന് അല്ലാഹു അദ്ദേഹത്തെ (മൂസ)അനെ രക്ഷിച്ചു. ഫിർ

ഔന്റെ കൂട്ടരെ ദുഃഖകരമായ ശിക്ഷ വലയം ചെയ്യുകയും ചെയ്തു. അതായത് നരകം. രാവിലെയും വൈകുന്നേരവും അതിന്റെയടുത്ത് അവരെകൊണ്ടു പോയി കാണിക്കും. ആ നിശ്ചിത നാൾ വരുമ്പോൾ പറയപ്പെടും. (മാലാഖമാരോട് പറയപ്പെടും) ഫിർഔന്റെ അനുയായികളെ കഠിനശിക്ഷയിൽ പ്രവേശിപ്പിക്കുക. (40:46-47) അങ്ങനെ, ഈ വിജയം ആഘോഷിക്കുന്നതിനായി, ജൂതന്മാർ ആ ദിനത്തിൽ വ്രതം അനുഷ്ഠിച്ചു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)ഈ നടപടിയെ, ഈ മഹനീയ നടപടിയെ അംഗീകരിക്കുകയുണ്ടായി. അംഗീകരിക്കുക മാത്രമല്ല ചെയ്തത്, മറിച്ച് അത് പ്രവർത്തി പഥത്തിലൂടെ കാണിക്കുകയും ചെയ്തു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) മുഹർറം ഒൻപതിനും വ്രതമനുഷ്ഠിച്ചിരുന്നു. ഇബ്ന് അബ്ബാസ്(റ) റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ ഇപ്രകാരം ഒരു വിവരണം കൂടി കാണാം. അതായത് പ്രവാചകൻ (സ) പറഞ്ഞു. അടുത്തവർഷം വരെ ഞാൻ ജീവിച്ചിരിക്കുമെങ്കിൽ ഞാൻ മുഹർറം ഒൻപതിനും വ്രതമനുഷ്ഠിക്കുന്നതാണ്. (മുസ്ലിം)

അങ്ങനെ പരിശുദ്ധ പ്രവാചകൻ(സ) മുഹർറം ഒൻപതിനും പത്തിനും വ്രതമനുഷ്ഠിക്കുകയുണ്ടായി. ആഷൂറാഅ്ന് ശേഷമുള്ള ഒരു ദിവസം കൂടി വ്രതമനുഷ്ഠിക്കുവാൻ അദ്ദേഹം ശുപാർശ ചെയ്യുകയും ചെയ്തു. അദ്ദേഹം പറഞ്ഞു. ആഷൂറഃ ദിവസം നിങ്ങൾ വ്രതമനുഷ്ഠിക്കുക. അതിനു ഒരു ദിവസം മുൻപോ അല്ലെങ്കിൽ അതിനുശേഷമുള്ള ദിവസത്തിലോ കൂടി വ്രതമനുഷ്ഠിച്ച്, ജൂതർക്കെതിരായി ചെയ്യുക. (അഹ്മദ്)

ആഷൂറാഅ് ദിനത്തിലെ വ്രതാനുഷ്ഠാനം കഴിഞ്ഞ ഒരു വർത്തിലെ ചെറുപാപങ്ങളെ മായ്ച്ചു കളയുന്നു. (മുസ്ലിം)

നാം അന്ന് വ്രതമനുഷ്ഠിക്കുന്നത് അല്ലാഹു(ത)യ്ക്ക് നന്ദി രേഖപ്പെടുത്തുവാനായിട്ടാണ്, അവനോടുള്ള കടപ്പാട് രേഖപ്പെടുത്തുകയാണ്. ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപ് ഖുറൈഷികൾ പോലും ആഷൂറാഅ് ദിനത്തിൽ വ്രതമനുഷ്ഠിച്ചിരുന്നു. പിന്നീട് വെളിപാടിലൂടെ അല്ലാഹു(ത)യുടെ കല്പന, റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുവാൻ, വന്നതോടെ ആഷൂറാഅ് ദിനത്തിലെ വ്രതാനുഷ്ഠാനം ഇച്ഛാനുസരണം ചെയ്യാവുന്നതായി മാറി.

ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇസ്ലാമിന് മുൻപുള്ള കാലഘട്ടത്തിൽ, ഖുറൈഷികൾ ആഷൂറാഅ് ദിനത്തിൽ വ്രതമനുഷ്ഠിച്ചിരുന്നു. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ(യും ഈ ദിനത്തിൽ വ്രതമനുഷ്ഠിച്ചിരുന്നു. അദ്ദേഹം മദീനയിലേക്ക് ഹിജ്റ പോയപ്പോൾ, അദ്ദേഹം ആഷൂ

റാഅ് ദിനത്തിൽ വ്രതമനുഷ്ഠിക്കുകയുണ്ടായി. തന്റെ അനുചരന്മാരോട്, അപ്രകാരം ചെയ്യുവാൻ കല്പിക്കുകയും ചെയ്തു അതേ തുടർന്ന്, റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനം നിർബന്ധമാക്കിയതിനെ തുടർന്ന്, അദ്ദേഹം റമദാൻ മാസത്തിൽ മാത്രം വ്രതം അനുഷ്ഠിക്കുകയുണ്ടായി. ആഷൂറാഅ് ദിനത്തെ ഉപേക്ഷിക്കുകയുണ്ടായി. ആയതിനാൽ, നാം സ്വതന്ത്രരായിരിക്കുകയാണ്. വേണമെങ്കിൽ ആഷൂറാഅ് ദിനത്തിൽ വ്രതമനുഷ്ഠിക്കാം ഇല്ലെങ്കിൽ വേണ്ട (ബുഖാരി)

അങ്ങനെ ആഷൂറാഅ് ദിനത്തിലും മുഹർറം മാസത്തിലും മൊത്തത്തിൽ, നമുക്ക് വേണമെങ്കിൽ വ്രതമനുഷ്ഠിക്കാം, അല്ലെങ്കിൽ വ്രതമനുഷ്ഠിക്കാതിരിക്കാം അത് ഹസ്രത് ഹുസൈൻ (റ)ന്റെ മരണവുമായിട്ടോ അല്ലെങ്കിൽ ഈ ദിനത്തിൽ മരണപ്പെട്ട ഏതെങ്കിലും ഒരാളുമായിട്ടോ യാതൊരു രീതിയിലും കൂട്ടികുഴയ്ക്കേണ്ടതില്ല. നാം അല്ലാഹു(ത)യ്ക്ക് നന്ദി രേഖപ്പെടുത്തുക. എല്ലാ നിലയിലുള്ള ദോഷങ്ങളിൽ നിന്നും എന്നെന്നും നാം അവന്റെ സംരക്ഷണം തേടുക.

കേരളത്തിലെ നാഇബ്അമീർ ആയ ഹാരിസ് സാഹിബിന്റെ ഭാര്യ റസിയ സാഹിബ സുഖമില്ലാതിരിക്കുകയാണ്.ദുആയിൽ ഓർക്കുക. വിവിധ രാജ്യങ്ങളിൽ നമ്മുടെ പല സഹോദരന്മാരും സഹോദരിമാരും കുട്ടികളും സുഖമില്ലാത്തവരായിട്ടുണ്ട്, കോമറോസ്, മയോട്ടി തുടങ്ങിയ പല രാജ്യങ്ങളിലും! അവർക്കു വേണ്ടിയും ദുആ ചെയ്യുക. അവരൊക്കെ ഈമെയിൽ വഴി എന്നോട് ദുആയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

അല്ലാഹു(ത) നമ്മുടെ മേൽ അനുകമ്പയും അനുഗ്രഹവും ചൊരിയട്ടെ! ഇസ്ലാമിന്റെ ശത്രുക്കളുടെ മേലും, അല്ലാഹു(ത)യുടെ ശത്രുക്കളുടെ മേലും നമുക്ക് തുടർച്ചയായി വിജയം നല്കി അനുഗ്രഹിക്കട്ടെ ആമീൻ. സുമ്മ ആമീൻ യാ ! റബ്ബൽ ആലമൻ എല്ലാവർക്കും മുഹർറം മുബാറക്ക് നേരുന്നു!

പുതുവർഷാശംസകളും!

നയാസൽ മുബാറക്ക്!




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*